**തിരുവനന്തപുരം, ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിലെ സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ നടപടിക്രമം**

വിഷയം:- ആ.വ.ഡ. -ജീവനക്കാര്യം -സ്ഥലംമാറ്റ നിയമനം - ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:- എറണാകുളം ജില്ലാ മെഡിക്കൽ ഓഫീസറുടെ കത്ത് നം. എ2-18010/2012, തീയതി 19/06/2019.

**ഉത്തരവ് നമ്പർ ഇഡി4-11/2019/ആ.വ.ഡ., തീയതി: 25/06/2019.**

ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിൽ ആസ്ഥാന ഒഴിവിൽ എൽ.ഡി. ടൈപ്പിസ്റ്റ് തസ്തികയിൽ കെ.പി.എസ്.സി. ജില്ലാ ഓഫീസർ എറണാകുളത്തിന്റെ നിയമന ശുപാർശ പ്രകാരം നിയമിതയായ ശ്രീമതി അഞ്ജലി എ. വി. -യ്ക്ക് എറണാകുളം ജില്ലയിൽ നിയമനം നൽകുന്നതിനായി എൽ.ഡി. ടൈപ്പിസ്റ്റ് തസ്തികയിൽ ഒരു ഒഴിവ് നിലവിൽ വന്നതായി മേൽ പരാമർശം പ്രകാരം അറിയിച്ചിരിക്കുന്നു. ആയതിനാൽ ടി ഒഴിവിലേക്ക് ടിയാൾക്ക് ഉചിതമായ നിയമനം നൽകുന്നതിനായി ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം), എറണാകുളത്തിന് അനുവദിച്ച് ഉത്തരവാകുന്നു.

എറണാകുളം ജില്ലാ മെഡിക്കൽ ഓഫീസർ ടിയാൾക്ക് അടിയന്തിരമായി ഉചിതമായ നിയമനം നൽകി വിവരം ഈ ഓഫീസിൽ അറിയിക്കേണ്ടതാണ്.

(ഒപ്പ്)
ബി. എസ്. ബിജു ഭാസ്കർ
**സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ**

പകർപ്പ്-

1. ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം), എറണാകുളം.
2. സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ സി.എ.
3. ഫയൽ/കരുതൽ ഫയൽ.

//അംഗീകാരത്തോടെ//

സൂപ്രണ്ട്

ജിആർആർ-25/06